പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3568 | 14.03.2017 ൽ മറുപടിക്ക്

## 2016 വർഷം വാഹന അപകടത്തിൽ മരണപ്പെട്ടവരുടെ കണക്ക്.

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.യു. ആർ. പ്രദീപ്:** | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് 2016 സാമ്പത്തിക വർഷത്തിൽ ബൈക്ക് അപകടമടക്കമുള്ള വാഹന അപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; എത്രപേർക്ക് മാരകമായി പരിക്കുപറ്റിയിട്ടുണ്ട്; | (എ) | 2016 സാമ്പത്തിക വർഷത്തിൽ ( 01.04.2016 മുതൽ 28.02.2017 വരെ) ബൈക്ക് അപകടമടക്കമുള്ള 35618 വാഹന അപകടങ്ങളിൽ 3749 പേർ മരണപ്പെട്ടിട്ടുണ്ട്. 27280 പേർക്ക് മാരകമായി പരിക്കുപറ്റിയിട്ടുണ്ട്. |
| (ബി) യുവാക്കൾ അശ്രദ്ധമായും ഓവർസ്പീഡിലും മോട്ടോർബൈക്ക് അടക്കമുള്ള വാഹനങ്ങൾ ഓടിച്ച് അപകടത്തിൽപ്പെടുന്നതും ജീവനഹാനി ഉണ്ടാകുന്നതും കണക്കിലെടുത്ത് യുവാക്കൾക്കിടയിൽ വ്യാപകമായ ബോധവൽക്കരണം നടത്തുന്നതിന് ആഭ്യന്തര വകുപ്പ് മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് നടപടി സ്വീകരിക്കുമോ; | (ബി) | മോട്ടോർ വാഹന വകുപ്പ്, പോലീസ് ഇതര വകുപ്പുകൾ കൂടി ചേർന്ന് റോഡ് സേഫ്റ്റി ആക്ഷൻ പ്ലാൻ എന്ന പേരിൽ വാഹന പരിശോധനയും ബോധവൽക്കരണ പരിപാടിയും നടത്തി വരുന്നുണ്ട്. |
| (സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പോലീസ് വകുപ്പും മോട്ടോർ വാഹന വകുപ്പും സംയുക്തമായി പരിശോധനകൾ നടത്തി വരുന്നു. റോഡപകടങ്ങൾ കുറച്ചു കൊണ്ടു വരിക എന്ന |

ഉദ്ദേശത്തോടെ വാഹനപരിശോധന നടത്തി മദ്യപിച്ച് വാഹനമോടിക്കുക, അപകടകരമായ വിധത്തിൽ വാഹനമോടിക്കുക, തെറ്റായ മറികടക്കൽ, ഹെൽമറ്റ്, സീറ്റ് ബെൽറ്റ് ഇവ ധരിക്കാതെ വാഹനമോടിക്കുക മുതലായ കുറ്റങ്ങൾ കണ്ടെത്തി പിഴ ഈടാക്കി വരുന്നുണ്ട്. മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് ഡ്രൈവർമാർക്കും പ്രത്യേകിച്ച് സ്കൂൾ ബസ്സ് ഓടിക്കുന്ന ഡ്രൈവർമാർക്കും, കോളേജുകൾ, സ്കൂളുകൾ കേന്ദ്രീകരിച്ച് എസ്.പി.സി, എസ്.പി.ജി കേഡറ്റുകൾക്കും വിദ്യാർത്ഥികൾക്കും, അധ്യാപകർക്കു വേണ്ടിയും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും ലഘുലേഖകളും കൈപ്പുസ്തകങ്ങളും നൽകിയും വരുന്നു. സുരക്ഷാ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് വേണ്ടി ഹൈവേ ജാഗ്രതാ സമിതികൾ, റോഡ് സേഫ്റ്റി ക്ലബ്ബുകൾ എന്നിവ രൂപീകരിച്ചിട്ടുള്ളതും കൂടാതെ ശുഭയാത്ര, ഓപ്പറേഷൻ റെയിൻബോ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ